(സി) കൊക്കോ കൃഷിയുടെ വ്യാപനംമൂലം അടയ്ക്കാ കൃഷിയിലും ഉത്പാദനത്തിലും ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അടയ്ക്കാ കർഷകരെ ഈ രംഗത്ത് തുടരുന്നതിന് പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. എക്ലോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് പ്രസിദ്ധീകരിച്ചിട്ടുള്ള സ്ഥിതിവിവര കണക്കുകൾ പ്രകാരം സംസ്ഥാനത്ത് കൊക്കോ കൃഷിയുടെ ഉല്പാദനവും വിസ്തൃതിയും വർദ്ധിച്ചിട്ടുണ്ട്.

(ബി) കൃഷി വകുപ്പ് മുഖേന കൊക്കോ കൃഷി വികസനത്തിനായി സഹായങ്ങളൊന്നും തന്നെ നൽകുന്നില്ല. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന കൊക്കോ കൃഷിക്ക് പ്രോത്സാഹനങ്ങളും ധനസഹായവും നൽകിവരുന്നു.

(സി) കൊക്കോ കൃഷി വ്യാപനം അടയ്ക്കാ കൃഷിയെ പ്രതികൂലമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

റബ്ബറിന്റെ ഉല്പാദനവും ഉപഭോഗവും

171 (4210) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റബ്ബറിന്റെ ഉല്പാദനവും ഉപഭോഗവും സംബന്ധിച്ച കഴിഞ്ഞ പത്ത് വർഷത്തെ സ്ഥിതിവിവരക്കണക്കുകൾ വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ റബ്ബർ ഉപയോഗിക്കുന്ന അഞ്ച് വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെയാണ് ;

(സി) റബ്ബർ ഉപയോഗിച്ചുള്ള ഉല്പന്നങ്ങളുടെ വില നാൾക്കുനാൾ വർദ്ധിക്കുമ്പോഴും അസംസ്കൃത റബ്ബറിന്റെ വില നാൾക്കുനാൾ കുറഞ്ഞുകൊണ്ടിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ റബ്ബറിന്റെ ഉല്പാദനവും ഉപഭോഗവും സംബന്ധിച്ച് റബ്ബർ ബോർഡിൽ ലഭ്യമായിട്ടുള്ള കണക്ക് താഴെ ചേർത്തിരിക്കുന്നു :

വർഷം	ഉല്പാദനം (ടൺ)	ഉപഭോഗം (ടൺ)
2000-01	630405	631475
2001-02	631400	638210
2002-03	649435	695425
2003-04	711650	719600
2004-05	749665	755405
2005-06	802625	801180
2006-07	852895	820305
2007-08	825345	861455
2008-09	864500	871720
2009-10	831400	930565

(ബി) പെരിയാർ ലാറ്റക്സ് (മൂവാറ്റുപുഴ), റോയൽ പ്ലാസ്റ്റിക് ഇൻഡസ്ട്രീസ് (എറണാകുളം), സിലിക്കൺ റബ്ബേഴ്സ് (കൊച്ചി), ഈസ്റ്റേൺ ട്രീഡ്സ് (എറണാകുളം), എ.വി. തോമസ് ആന്റ് കോ. ലിമിറ്റഡ് (കൊച്ചി) എന്നിവ റബ്ബർ ഉപയോഗിക്കുന്ന സംസ്ഥാനത്തെ പ്രമുഖ റബ്ബർ വ്യവസായ സ്ഥാപനങ്ങളാണ്.

(സി) റബ്ബറിനുണ്ടായിരിക്കുന്ന വിലയിടിവ് താഴെപ്പറയുന്ന കാരണങ്ങൾമൂലമാണ് :

i. അന്താരാഷ്ട്ര വിപണിയിൽ ബ്ലോക്ക് റബ്ബറിന്റെ വിലയിടിവ്.

ii. ചൈന, അമേരിക്ക, യൂറോപ്പ് എന്നീ രാജ്യങ്ങളിലെ സാമ്പത്തിക മാന്ദ്യംമൂലം സ്വാഭാവിക റബ്ബറിന്റെ ആവശ്യകതയിലുണ്ടായ കുറവ്.

iii. വളരെ കുറഞ്ഞ അളവിൽ മാത്രമെ ചൈന റബ്ബർ വാങ്ങുന്നുള്ളൂ.

iv. സ്വാഭാവിക റബ്ബറിന്റെ അന്താരാഷ്ട്ര വിപണിയിലുള്ള വർദ്ധനവ്

v. തായ്‌ലന്റിൽ സംഭരണം നടപ്പിലാക്കിയതുമൂലം സ്റ്റോക്കിലുള്ള വർദ്ധനവ്

vi. എണ്ണ വിലയിലുണ്ടായ ഇടിവുമൂലം കൃത്രിമ റബ്ബർ വിലയിലുണ്ടായ ഇടിവ്

vii 2015-16 വർഷങ്ങളിൽ സ്വാഭാവിക റബ്ബറിന്റെ അധിക ലഭ്യതയെ സംബന്ധിച്ചുള്ള സൂചനകൾ

ഓണക്കാലത്തെ അവശ്യപച്ചക്കറികളുടെ ലഭ്യത

172 (4212) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണക്കാലത്ത് എത്ര ടൺ പച്ചക്കറികളുടെ ആവശ്യം ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര ടൺ ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) സംസ്ഥാനത്തിന് പുറത്തുനിന്നുവരുന്ന പച്ചക്കറികളിൽ വലിയ തോതിൽ വിഷാംശങ്ങൾ അടങ്ങിയിട്ടുള്ളതായ വാർത്തകൾ കണക്കിലെടുത്ത് ഓണക്കാലത്ത് വിഷരഹിത പച്ചക്കറികൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഓണക്കാലത്ത് ഏകദേശം 24000 മെട്രിക് ടൺ പച്ചക്കറികൾ ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(ബി) ഇതിൽ 11500 മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഓണക്കാലത്ത് വിഷരഹിത പച്ചക്കറി ലഭ്യമാക്കുന്നതിന് മുന്നോടിയായി ഈ വർഷം കൃഷിവകുപ്പ് നടപ്പിലാക്കുന്ന പച്ചക്കറി സമഗ്ര വികസന പദ്ധതിയിലൂടെ 266 ക്ലസ്റ്റർ മുഖാന്തരം 1330 ഹെക്ടറിൽനിന്നും രാസകീടനാശിനി വിമുക്തമായ ഏകദേശം 11500 മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കാനാണ് നടപടി സ്വീകരിച്ചിരിക്കുന്നത്. ഇതോടൊപ്പം സ്കൂൾ കുട്ടികൾക്കും വീട്ടമ്മമാർക്കും വീട്ടുവളപ്പിൽ വിഷവിമുക്തമായ

LIBRARY ARCHIVES Kerala Legislative Assembly